# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ജൂൺ 27-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

268) സ്വാശ്രയ സ്കൂളുകളിലെ ഫീസ് ഈടാക്കൽ
269) ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ
270) സ്വകാര്യ കോളേജുകളിലെ നിയമന നിരോധനം
271) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡ്
272) ഗൾഫ് പര്യടനത്തിൽ ലഭിച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടി
273) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച മാനദണ്ഡം
274) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്കുപകരം ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന ഉത്തരവ്
275) എയിഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ
276) ഗൾഫ് രാജ്യങ്ങളിൽ നോർക്കയുടെ ആഭിമുഖ്യത്തിൽ നിയമജ്ഞരെ നിയമിക്കാൻ നടപടി
277) ഉച്ചക്കഞ്ഞിവിതരണവും സ്ളേറ്റും പെൻസിലും നൽകുന്ന പദ്ധതിയും തുടരുവാൻ നടപടി
278) മതികെട്ടാൻ ചോലവനം കൈയേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യു ഉദ്യോഗസ്ഥൻമാർ
279) കാലവർഷക്കെടുതിയ്ക്കുളള നഷ്ടപരിഹാരം
280) പ്രവാസി മലയാളികളെക്കുറിച്ച് സർവ്വേ
281) സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇവാലിവേഷൻ കമ്മിറ്റി
282) ഹയർസെക്കണ്ടറി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ നടപടി
283) സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിനു പോകാൻ കഴിയാത്ത കുട്ടികളെ സഹായിക്കാനുള്ള പദ്ധതി
284) ഏരിയ ഇന്റൻസീവ് സ്കീംപ്രകാരം സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ നടപടി
285) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ഉദാര വ്യവസ്ഥയിൽ വായ്പ
286) എം.സി.റോഡിന്റെ വികസനത്തിന് പദ്ധതി
287) റവന്യൂ-വനം ഭൂമികൾ വേർതിരിക്കുന്നതിനുള്ള സർവേ
288 )മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം
289) മൈത്രി ഭവന പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി
290) കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ശരിയായ രേഖകളില്ലാത്തവരെ വിദേശത്തേയ്ക്കയക്കുന്ന ഗൂഢസംഘം
291)തിരുവനന്തപുരം - കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതി
292)വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നിവ പ്രകാരം വായ്പ എടുത്തവർക്ക് മുഴുവൻ മുതൽസംഖ്യ അടച്ചാൽ പലിശയിൽ ഇളവ
293)സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെറിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി
294)നിയമ സർവ്വകലാശാല
295)കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതി
296)നിയമ പരിഷ്കരണ കമ്മീഷൻ
297)ഏകീകൃത ഭൂപരിധി നിയന്ത്രണ നിയമം

### സ്വാശ്രയ സ്കൂളുകളിലെ ഫീസ് ഈടാക്കൽ

*268. ശ്രീ. വി.ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും പന്ത്രണ്ടുമാസവും ഫീസ് ഈടാക്കുവാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്ത് അടിസ്ഥാനത്തിലാണെന്ന് പറയുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി വിദ്യാഭ്യാസ വകുപ്പുമന്ത്രി):**

(എ) ഇല്ല.

(ബി ചോദ്യം ഉദിക്കുന്നില്ല.

## ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ

*269. ശ്രീ. രാജു എബ്രഹാം :

ശ്രീ. എ.കെ. ബാലൻ :

ശ്രീ. ടി.കെ. ദേവകുമാർ :

ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ സീറ്റുകളിൽ ഈ വർഷം കുറവു വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ബി) നിലവിലുണ്ടായിരുന്ന സീറ്റുകളിൽ കുറവു വരുത്തണമെന്ന് എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റ് വീതം ;

(സി) ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകൾക്ക് നിർണ്ണയിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കാത്ത കോളേജുകൾ ഏവ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) കുറവ് വരുത്തിയിട്ടില്ല.

(ബി) ഉണ്ട്. തിരുവനന്തപുരം ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ 60 സീറ്റുകൾ വീതമുണ്ടായിരുന്ന ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലെ സീറ്റുകളുടെ എണ്ണം യഥാക്രമം 30, 30, 0, 30 എന്നിങ്ങനെ ആക്കി മാറ്റിയിട്ടുണ്ട്.

(സി) ഇടുക്കി, വയനാട്, കോഴിക്കോട്, തിരുവനന്തപുരം ബാർട്ടൺഹിൽ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ ബൗതിക സാഹചര്യങ്ങൾ പൂർത്തിയായിട്ടില്ല.

## സ്വകാര്യ കോളേജുകളിലെ നിയമന നിരോധനം

*270. ശ്രീ. എം. എ. ചന്ദ്രശേഖരൻ:

ശ്രീ.ഇ.എം. അഗസ്തി :

ശ്രീ. എ.പി. അനിൽകുമാർ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് എന്നുമുതലാണ്;

(ബി) എന്തടിസ്ഥാനത്തിലാണ് സ്വകാര്യ കോളേജുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത്;

(സി) പ്രസ്തുത നിരോധനം എപ്പോൾ പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) 24..4..1997 മുതൽ.

(ബി) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീ ഡിഗ്രി കോഴ്സ് വേർപെടുത്തിയതിനെ തുടർന്ന് നിലവിലുള്ള നിരവധി അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ അധികമായി വന്നതിനാലാണ് നിയമന നിരോധനം ഏർപ്പെടുത്തിയത്.

(സി) പ്രീഡിഗ്രി വേർപെടുത്തിയതിനെ തുടർന്ന് അധികമായി വന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പുനരധിവാസ നടപടികൾ നടന്നു വരുന്നു. പുനരധിവാസ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന നിരോധനം പിൻവലിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡ്

*271. ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി മാത്രമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമതയ്ക്കും ശരിയായ നടത്തിപ്പിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇത്തരം ഒരു ബോർഡ് രൂപീകരിക്കുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ബോർഡ് എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനായി
' ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻ ഗവൺമെന്റ് ഓഫ് കേരള' ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല .

(സി) &(ഡി) ഇത്തരം ഒരു നിർദ്ദേശം പരിഗണനയിൽ വന്നിട്ടില്ല.

## ഗൾഫ് പര്യടനത്തിൽ ലഭിച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടി

*272 ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പാർലമെന്ററികാര്യ വകുപ്പുമന്ത്രി നടത്തിയ ഗൾഫ് രാജ്യങ്ങളിലെ പര്യടനവേളയിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിരുന്നു;

(ബി) ഈ നിവേദനങ്ങളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) :**

(എ) &(ബി) പ്രവാസി മലയാളികളിൽ നിന്നും, ഗൾഫിലെ പല പ്രവാസി സംഘടനകളിൽ നിന്നും, വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നാട്ടിലെ ബന്ധുജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, നാട്ടിലെ ബന്ധുജനങ്ങൾക്കും, അവരുടെ സ്ഥാവരജംഗമ വസ്തുക്കൾക്കും സംരക്ഷണം നൽകുക, വൈദ്യുതി കണക്ഷനും ടെലഫോൺ കണക്ഷനും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, പ്രവാസി മലയാളികളുടെ കുട്ടികൾ ഗൾഫിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, അമിതമായ വിമാനയാത്രക്കൂലി കുറയ്ക്കാൻ നടപടി സ്വീകരിക്കുക, കപ്പൽ സർവ്വീസ് ആരംഭിക്കുക, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ നടത്തുന്നതിന് ഗൾഫ് നാടുകളിൽ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിക്കുക, പ്രവാസി മലയാളികളിൽ നിന്നും പണം തട്ടിച്ച് നാട്ടിലെത്തിയവരെ കണ്ടുപിടിച്ച് പണം ലഭ്യമാക്കുന്നതിനും, മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

നിവേദനങ്ങൾ എല്ലാം സമഗ്രമായി പരിശോധിക്കുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും പരിഹാരം കാണേണ്ട നിവേദനങ്ങൾ പരിശോധിക്കുകയും വിദേശകാര്യവകുപ്പുമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, വ്യോമയാന വകുപ്പു മന്ത്രി, കേന്ദ്ര തൊഴിൽമന്ത്രി എന്നിവരെ നോർക്ക വകുപ്പു മന്ത്രി നേരിൽ കാണുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച മാനദണ്ഡം

*273. ശ്രീ. മത്തായി ചാക്കോ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സ്വകാര്യപൊതുമേഖലാ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട ഒരേ നിരക്കിലാണോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അവിടുത്തെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സർക്കാർ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഒരേ നിരക്കിലാണ്.

(സി) കുറ്റിപ്പുറം എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് മാത്രമാണ് ന്യൂനപക്ഷ പദവിയുള്ള ഏക എൻജിനീയറിംഗ് സ്ഥാപനം. മാറംപള്ളി എം.ഇ.എസ്. കോളേജിന് എം.സി.എ.യ്ക്ക് ന്യൂനപക്ഷ പദവിയുണ്ട്.

(ഡി) മറ്റ് സ്വാശ്രയ കോളേജുകളിലെന്നപോലെ ഇവിടെയും 50% സീറ്റുകൾ സർക്കാർ സീറ്റായി പരിഗണിച്ച് ബാക്കി 50% സീറ്റുകൾ മാനേജ്മെന്റ് സീറ്റായി പരിഗണിച്ചും പ്രവേശനം നൽകുന്നു.

## <u>ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്കുപകരം ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന ഉത്തരവ്</u>

*274. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ടി.യു. രാധാകൃഷ്ണൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശം എല്ലാ സ്കൂളുകൾക്കും അയച്ചിരുന്നുവോ;

(സി) പ്രസ്തുത നിർദ്ദേശം ലഭിക്കാത്ത സ്കൂളുകളിൽ നിന്നും പാസ്സായ കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്യാൻ ഇടയായിട്ടുണ്ടോ;

(ഡി) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്കു പകരം ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് ഉത്തരവായിട്ടുണ്ടോ ;

(ഇ) ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോൾ ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതുണ്ടോ;

(എഫ്) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഉപരിപഠനം നടത്തുന്നിടത്ത് ഏൽപ്പിച്ചവർക്ക് അപേക്ഷയോടൊപ്പം ചേർക്കാൻപറ്റില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇതുവരെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തവരെ ഡ്യൂപ്ളിക്കേറ്റ് വാങ്ങുന്നതിൽനിന്ന് ഒഴിവാക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യാൻ പാടുള്ളതല്ല എന്നുള്ള വിവരം പരീക്ഷാർത്ഥികളെ അറിയിക്കണമെന്നുള്ള നിർദ്ദേശം എല്ലാ ചീഫ് സൂപ്രണ്ട്/ഹെഡ്മാസ്റ്റർമാർക്കും പരീക്ഷാ കമ്മിഷണറുടെ ഓഫീസിൽ നിന്നും നൽകിയിരുന്നു.

(ബി)& (സി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതോടൊപ്പം പ്രസ്തുത നിർദ്ദേശം അടങ്ങിയ സർക്കുലറും എല്ലാ സ്കൂളുകൾക്കും നൽകിയിരുന്നു. എന്നിട്ടും പല സ്കൂളുകളിലേയും കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തതായി കാണുന്നു...

(ഡി) 2003 മാർച്ചിൽ പരീക്ഷ എഴുതിയ കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തുപോയിട്ടുണ്ടെങ്കിൽ അത്തരക്കാർ സർട്ടിഫിക്കറ്റിന്റെ വിലയായ 30 രൂപ അടച്ച് സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന അപേക്ഷ സമർപ്പിച്ച് പകരം സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

(എഫ്) 2003-ന് മുൻപ് പരീഖ്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്തുപോയിട്ടുണ്ടെങ്കിൽ കൂടിയും സർട്ടിഫിക്കറ്റിന്റെ മൂല്യത നഷ്ടപ്പെടുന്നില്ലയെന്നും അത്തരം സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത സംബന്ധിച്ച് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ എംബസികളോ, പരീക്ഷാ ബോർഡുകളോ തർക്കം ഉന്നയിച്ചാൽ മാത്രം പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ളിക്കേറ്റിന് അപേക്ഷിച്ചാൽ മതിയെന്നും പ്രമുഖ പത്രങ്ങൾ മുഖേന പൊതുജനങ്ങളെ അറിയിച്ചിരുന്നു. ആയതിനാൽ പഠനം നടത്തുന്നതിനിടയ്ക്ക് ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതായി വരുന്നില്ല.

(ജി) 2003 മാർച്ചിൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലാമിനേറ്റ് ചെയ്തുപോയിട്ടുണ്ടെങ്കിൽ നിർബന്ധമായും മാറ്റണമെന്ന് നിർദ്ദേശിച്ചിട്ടുള്ളു. അതിനുമുൻപ് പരീക്ഷ എഴുതിയിട്ടുള്ളവരുടെ കാര്യത്തിൽ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ പരീക്ഷാബോർഡുകളോ, എംബസികളോ തർക്കമുന്നയിച്ചാൽ മാത്രം ഡ്യൂപ്ളിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## എയിഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ

*275. ശ്രീമതി മേഴ്സി രവി :

ശ്രീ. ടി.എൻ പ്രതാപൻ:

ശ്രീ. എൻ.ഡി. അപ്പച്ചൻ :

ശ്രീ. ജോർജ്ജ് ജെ മാത്യു :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ബി) അവയ്ക്ക് ഇപ്പോൾ മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ടോ;

(സി) എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തെന്ന് പറയുമോ ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) എയിഡഡ് സ്കൂളുകളിലെ അദ്ധ്യപക/അനദ്ധ്യാപക ജീവനക്കാർക്ക് കെ.ഇ.ആർ വ്യവസ്ഥകൾക്ക് വിധേയമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം പ്രതിവർഷം സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകിവരുന്നുണ്ട്. അതുപോലെ ഡയറക്ട് പേമെന്റ് സ്കീം അനുസരിച്ച് സ്വകാര്യ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം കോളേജുകൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകി വരുന്നുണ്ട്.

(ബി) എയിഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ട്.

(സി) ഹൈസ്കൂൾ തലത്തിൽ കുട്ടിയൊന്നിന് അഞ്ചു രൂപ നിരക്കിലും എൽ.പി/യു.പി. തലത്തിൽ കുട്ടിയൊന്നിന് മൂന്നുരൂപ ഇരുപത്തിയഞ്ച് പൈസ നിരക്കിലും ടി.ടി.ഐ.യിൽ കുട്ടിയൊന്നിന് ഏഴു രൂപ അൻപതു പൈസ നിരക്കിലുമാണ് പ്രതിവർഷം മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത്. ഇഫക്ടീവ് സ്ട്രെങ്ത്ത് അനുസരിച്ചുള്ള കുട്ടികളുടെ എണ്ണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് കണക്കാക്കുന്നത്. വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയെന്ന് സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ ഇത് നൽകുകയുള്ളു. അതുപോലെ ഓരോ വർഷത്തിലും കോളേജ് കെട്ടിടങ്ങൾ റിപ്പയർ ചെയ്ത വകയിൽ ചെലവായ തുക പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോദ്ധ്യം വന്നതിനുശേഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അർഹമായ തുക മെയിന്റനൻസ് ഗ്രാന്റായി അനുവദിക്കുന്നു. കോളേജുകളിലെ മെയിന്റനൻസ് ഗ്രാന്റിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## ഗൾഫ് രാജ്യങ്ങളിൽ നോർക്കയുടെ ആഭിമുഖ്യത്തിൽ നിയമജ്ഞരെ നിയമിക്കാൻ നടപടി

*276. ശ്രീ. എൻ. ശക്തൻ :

പ്രൊഫ. എ.ഡി. മുസ്തഫ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ തടവുകാരായ എത്ര മലയാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ മോചനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ ഓരോ ലീഗൽ അറ്റാഷെമാരെ നിയമിക്കണമെന്നും അവിടങ്ങളിലെ മലയാളികൾ നേരിടുന്ന കേസുകൾക്ക് ആവശ്യമായ നിയമപരിരക്ഷ നൽകണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രത്തിൽ നിന്നും ഇക്കാര്യങ്ങൾ ചെയ്യുന്നതുവരെ നോർക്കയുടെ ആഭിമുഖ്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ ഓരോ നിയമജ്ഞരെ നിയമിക്കുകയും അവിടങ്ങളിൽ മലയാളികൾ നേരിടുന്ന നിയമ പ്രശ്നങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യാൻ നടപടിയെടുക്കുമോ?

ഉത്തരം

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി):-**

(എ) ഇതു സംബന്ധിച്ച് വിവിധ ഇൻഡ്യൻ എംബസികളിൽ നിന്നും ലഭിച്ച വിവരം താഴെ ചേർക്കുന്നു.

ഒമാൻ - 17

ഖത്തർ-26

സൗദിഅറേബ്യ-349 (ഇന്ത്യാക്കാർ)

മറ്റു രാജ്യങ്ങളിലെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) നാട്ടിലുള്ള ബന്ധുക്കളിൽ നിന്നോ മറ്റു മാർഗ്ഗങ്ങലിലൂടെയോ ജയിലിലായവരുടെ വിവരങ്ങൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ അതാതു രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ മുഖേന അവരുടെ മോചനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്.

## ഉച്ചക്കഞ്ഞിവിതരണവും സ്ളേറ്റും പെൻസിലും നൽകുന്ന പദ്ധതിയും തുടരുവാൻ നടപടി

*277. ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പി. ജയരാജൻ :

ശ്രീ. സാജു പോൾ :

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉച്ചക്കഞ്ഞി വിതരണം ചെയ്ത വകയിൽ സ്കൂളുകൾക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് ; കുടിശ്ശിക തുക എത്ര ;

(സി) പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി സ്ളേറ്റും പെൻസിലും നൽകുന്ന പദ്ധതി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ആവശ്യമായ തുക സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) സ്ളേറ്റും പെൻസിലും നൽകിയ വകയിൽ സ്കൂളുകൾക്ക് എന്തു തുക കുടിശ്ശിക നൽകാനുണ്ട് ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) കുടിശ്ശിക ഇല്ല.

(സി) ഈ വർഷവും തുടരുന്നതാണ്. അനുവദിച്ച തുക സ്കൂളുകൾക്ക് ആവശ്യകത അനുസരിച്ച് നൽകുന്നതാണ്.

(ഡി) കുടിശ്ശികയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

## മതികെട്ടാൻ ചോലവനം കൈയേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യൂ ഉദ്യോഗസ്ഥൻമാർ

278. ശ്രീ.ടി.കെ. ബാലൻ

ശ്രീ വികെ.സി. മമ്മത്കോയ

ശ്രീ കെ.കെ. ജയചന്ദ്രൻ

ശ്രീ കെ.വി.കുഞ്ഞിരാമൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മതികെട്ടാൻ ചോലവനം കൈയേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യു ഉദ്യോഗസ്ഥൻമാരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെന്റുചെയ്തു; അവർ ആരെല്ലാം;

(സി) ഇതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചു;

(ഡി) എന്തെങ്കിലും ശിക്ഷണ നടപടികൾ ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ്)**

(എ) സർവീസിലുണ്ടായിരുന്ന റവന്യു വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ സസ്പെൻഡു ചെയ്യുകയുണ്ടായി.

1. ശ്രീ. റ്റി.ജെ. മാത്യു, ജില്ലാ കളക്ടർ, ഇടുക്കി.
2. ശ്രീ. പീറ്റർ ജോൺ, തഹസിൽദാർ, ഉടുമ്പൻചോല
3. ശ്രീ. ആർ. ശശിധരൻ പിള്ള, താലൂക്ക് സർവേയർ, ഉടുമ്പൻ ചോല
4. ശ്രീ. പി.എൽ. സന്തോഷ്, വില്ലേജാഫീസർ, ഉടുമ്പൻചോല

കൂടാതെ സർവീസിൽ നിന്നും റിട്ടയർ ചെയ്തുകഴിഞ്ഞ താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

1. ശ്രീ. എസ് പ്രഭാകരൻ പിള്ള (റിട്ട. ജില്ലാ സർവെ സൂപ്രണ്ട്)
2. ശ്രീ. തങ്കപ്പൻ, റിട്ട. വില്ലേജാഫീസർ)
3. ശ്രീ. റ്റി.സി.തങ്കപ്പൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ

ഇതിനുപുറമേ ഈ കേസുമായി ബന്ധപ്പെട്ടുവെന്നു കരുതുന്ന ഉദ്യോഗസ്ഥരെ മുഴുവൻ താലൂക്കിനും ജില്ലയ്ക്കും പുറത്തേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി.

(ബി) ശ്രീ. റ്റി.ജെ. മാത്യു,
ശ്രീ. പീറ്റർ ജോൺ,
ശീ. ആർ. ശശിധരൻ പിള്ള,
ശ്രീ. പി.എൽ. സന്തോഷ്,

(സി) ഇതിൽ ശ്രീ. പി.എൽ. സന്തോഷിന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ട്.

(ഡി) മറ്റുള്ളവരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു.

**<u>കാലവർഷക്കെടുതിയ്ക്കുള്ള നഷ്ടപരിഹാരം</u>**

279. ശ്രീ കെ.എൻ.എ. ഖാദർ
ശ്രീ കളത്തിൽ അബ്ദുള്ള
ശ്രീ. പി.കെ. അബ്ദുറബ്ബ്
ശ്രീ സി.മമ്മുട്ടി
ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഉണ്ടായ കാലവർഷം കാരണം നഷ്ടം സംഭവിച്ച കർഷകർക്ക് സീസൺ ആയിരുന്നില്ല എന്ന കാരണം പറഞ്ഞ് നഷ്ടപരിഹാരം അനുവദിക്കാതിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ്)**

**(എ) ഇല്ല.**

**(ബി) ചോദ്യം ഉദിക്കുന്നില്ല.**

**<u>പ്രവാസി മലയാളികളെക്കുറിച്ച് സർവ്വേ</u>**

280. ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ സ്റ്റീഫൻ ജോർജ്
ശ്രീ മാമ്മൻ മത്തായി
ശ്രീ ജോസഫ് എം.പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന് വ്യക്തമായ കണക്കുകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ ഇവരുടെ എണ്ണം ശേഖരിക്കുന്നതിനുവേണ്ടി സർവേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്താമക്കുമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സർവേ എങ്ങനെയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

ശ്രീ. എം.എം. ഹസ്സൻ(ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

(എ) പ്രവാസി മലയാളികളുമട എണ്ണം സംബന്ധിച്ച വ്യക്തമായ കണക്കുകൾ സർക്കാരിന്റെ പക്കൽ ഇപ്പോൾ ലഭ്യമല്ല.

(സി) യും (ഡി) യും : വിദേശമലയാളികളുടെയും മറുനാടൻ മലയാളികളുടെയും ക്ഷേമത്തിനും പുനരധിവാസത്തിനും പര്യാപ്തമാകുന്ന രീതിയിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഡാറ്റാ ബാങ്കിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി വിശദ പദ്ധതി റിപ്പോർട്ട് (ഉലമേശഹലറ ജ്യീഷലരേ ഞലുീൃ) തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി ചെങ്ങന്നൂർ, വയനാട് എന്നീ സ്ഥലങ്ങളിൽ സാമ്പിൾ പഠന സർവേ നടത്തുകയുണ്ടായി. ഇതോടൊപ്പംതന്നെ സ്ഥ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, സെൻസസ് ഡയറക്ടർ, ജനസംഖ്യ ശാസ്ത്രജ്ഞർ, സ്ഥപ്പെട്ട മറ്റു വകുപ്പധികാരികൾ എന്നിവരുമായും വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ േ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എക്കണോമിക്സ് അന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു തുടങ്ങിയ വിവിധ സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുമായി സഹകരിച്ചാണ് സർവെ നടത്തുവാൻ ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ സർവേ നടത്തുന്നതോടെ ഇന്ത്യയ്ക്കകത്തും ഇതര സംസ്ഥാനങ്ങളിലേയും പുറത്ത് വിവിധ രാജ്യങ്ങളിലേയും പ്രവാസി മലയാളികളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

**സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇവാലുഷൻ കമ്മിറ്റി**

281. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ എം.വി. ജയരാജൻ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇവാലുവേഷൻ കമ്മിറ്റി നിലവിലുണ്ടോ;

(ബി) ഇവാലുവേഷൻ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇവാലുവേഷൻ കമ്മിറ്റി റിപ്പോർട്ട് സാക്ഷരതാ സമിതി അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) ഇവാലുവേഷൻ കമ്മിറ്റി തീരുമ.നപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിലുള്ള ടീമുകൾ 14 ജില്ലകളിലെയും കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും റിപ്പോർട്ട് ഇവാലുവേഷൻ കമ്മിറ്റി ചെയർമാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് സംസ്ഥാന സാക്ഷരതാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇവാലുവേഷൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്താമക്കുന്നതിനുവേണ്ടി

1)റിവൈവൽ ക്യാമ്പെൻ (ശാക്തീകരണ യജ്ഞം) 2) അക്ഷര സൗഹൃദ സന്ദർശനം 3) അക്ഷര വിരുന്ന്

4)മൈക്രോപ്ളാനുകളും അവയുടെ നടപ്പാക്കലും എന്നീ പരിപാടികൾ അആസൂത്രണം ചെയ്ത് നടപ്പിലാക്കി.

**ഹയർസെക്കണ്ടറി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ നടപടി**

282. ശ്രീ. കെ. നാരായണക്കുറുപ്പ്
ശ്രീ റോഷി അഗസ്റ്റിൻ
ശ്രീ തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകൾ ഒരു സംവിധാനത്തിൻ കീഴിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇത് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) ഇത്തരത്തിലൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിനു പോകാൻ കഴിയാത്ത കുട്ടികളെ സഹായിക്കാനുളള പദ്ധതി

283. ശ്രീ. എ. സുജനപാൽ
ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.പി.ജെ. ജോയി
ശ്രീമതി മാലേത്ത് സരളാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപരിപഠനത്തിനുപോകാൻ കഴിയാത്ത മിടുക്കൻമാരായ കുട്ടികളെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട്;

(ബി) ഇത്രക്കാർക്ക് ഫീസ് പുസ്തകങ്ങൾ താമസച്ചിലവ് മുതലായവ നൽകുവാൻ പര്യാപ്തമായ വിധത്തിലുള്ള എന്തെങ്കിലും സ്കോളർഷിപ്പ് ഇപ്പോൾ നിലവിലുണ്ടോ;

(സി) നിലവിലുള്ള ഗവൺമെന്റ് സ്കോളർഷിപ്പുകളുടെ പൂർണ്ണ വിവരം നൽകുമോ;

(ഡി) ഇത്രക്കാരെ സഹായിക്കുവാൻ നിലവിൽ പദ്ധതികളില്ലാത്ത പക്ഷം സാമ്പത്തിക ബുദ്ധിമുട്ടുളള കുട്ടികളുടെ വിഭ്യാഭ്യാസ ചെലവ് മുഴുവൻ കൊടുക്കാൻ പറ്റുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) യും (ബി) യും: കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വതുമ.നത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ നാഷണൽ മെറിറ്റ് സ്കോളർഷിപ്പ് , സീച്ചേഴ്സ് മെരിറ്റ് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ കുമാരപിളള കമ്മീഷൻ ശുപാർശ പ്രകാരമുളള ഫീസ് ഇളവും അനുവദിക്കുന്നുണ്ട്.

അന്ധ-വികലാംഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയനുസരിച്ച് ബുക്ക് അലവൻസും താമസച്ചിലവും നൽകുന്നുണ്ട്. അന്ധ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയുടെ അടസ്ഥാനത്തിൽ ഫീസാനുകൂല്യത്തിന് അർഷതയുണ്ട്. ഹോസ്റ്റലിൽ താമസിക്കുന്ന നാഷണൽ മെരിറ്റ് സ്കോളർഷിപ്പിന് അർഹതയുളള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസും നൽകുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) എ,ബിസി, എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നം ഉദിക്കുന്നില്ല.

## ഏരിയ ഇന്റൻസീവ് സ്കീംപ്രകാരം സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ നടപടി

284. ശ്രീ കളത്തിൽ അബ്ദുളള
ശ്രീ സി..ടി. അഹമ്മദ് അലി
ശ്രീ.പി .കെ. അബ്ദു റബ്ബ്
ശ്രീ ടി.പി.എം സാഹിർ
ശ്രീ സി.മോയിൻ കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് സ്കീംപ്രകാരം കേന്ദ്ര ഗവണമെന്റ് സഹായത്തോടെ സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) യും (ബി) യും: 22.06.1995 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)2075/95/എസ്.വൈ.എ പ്രകാരം സ്സ്ഥാനത്ത് ഏരിയാ ഇന്റൻസീവ് സ്കീമനുസരിച്ച ് 41 സ്കൂളുകൾ തുടങ്ങുവാൻ അനുമതി നൽകിയിരുന്നു. അതിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 35 സ്കൂളുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ സമ്പള സ്കെയിലിന്റെ മിനിമം നിരക്കിൽ ശമ്പളം നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഫയൽ ചെയ്ത ഒരു ഒ.പി.യിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്.

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ഉദാര വ്യവസ്ഥയിൽ വായ്പ

285. ശ്രീ. കെ.സി. വേണുഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ വിജയിച്ച സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് ഉദാര വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി ദേശസാത്കൃത ബാങ്കുകളുമൊയി സഹകരിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിന്റെ വ്യവസ്ഥകൾ;

(സി) ഇല്ലെങ്കിൽ പാവപ്പെട്ട വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഇത്തരത്തിലൊരു പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) ബാങ്കുകൾ വിദ്യാഭ്യാസ വായ്പാ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. സർക്കാർ പുതിയ പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തത്ക്കാലം ആലോചനയില്ല.

## എം.സി.റോഡിന്റെ വികസനത്തിന് പദ്ധതി

286. ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനം സംബന്ധിച്ച് ലോകബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എം.സിറോഡ് വികസനം സംബന്ധിച്ച് പദ്ധതിയ്ക്ക് ലോകബാങ്കുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

(സി) എത്ര വർഷം കൊണ്ട് പണി പൂർത്തിയാക്കാമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) നിർമ്മാണ പ്രവർത്തനത്തിന്റെ എത്ര ശതമാനം ഇതിനോടകം പൂർത്തിയായിട്ടുണ്ട്;

(ഇ) കാലാവധിക്കകം നിർമ്മാണം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(എഫ്) റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ? ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും?

**ഉത്തരം**

**ഡോ.എം.കെ. മൂനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) ലോകബാങ്ക് സഹായത്തോടെ 600 കി.മീറ്റർ റോഡ് പുതുക്കിപ്പണിയുന്ന തിനും 1000 കി.മി. റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് കരാർ ആയിട്ടുള്ളത്.

(ബി),(സി),(ഡി) (ഇ) & (എഫ) എം.സി.റോഡിന്റെ ഉടനീളമുള്ള പുതുക്കിപ്പണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായിട്ടാണ് ഇത് ചെയ്യുന്നത്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പാക്കേജിന്റെയും മൂവാറ്റുപുഴ മുതൽ അങ്കമാലിവരെയുള്ള പാക്കേജിന്റെയും കോൺട്രാക്റ്റുകൾ നൽകി കഴിഞ്ഞു. ബാക്കി ഭാഗങ്ങൾക്കുള്ള കോൺട്രാക്റ്റ് നടപടികൾ നടന്നു വരികയാണ്. സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## റവന്യൂ-വനം ഭൂമികൾ വേർതിരിക്കുന്നതിനുള്ള സർവേ

287. ശ്രീ.കെ.പി. മോഹനൻ
ശ്രീ സി.കെ. നാണു
ഡോ. എ. നീലലോഹിതദാസൻ നാടാർ
ശ്രീ. എ.സി. ഷൺമുഖദാസ്: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനംമേഖലയിൽ റവന്യു-വനം ഭൂമി വേർതിരിക്കാനുള്ള സർവേ നടത്തി തീരുമാനം പൂർണ്ണമായി നടപ്പാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി)വനം മേഖലയിൽ വനം ഭൂമിയും റവന്യു ഭൂമിയും വേർതിരിക്കാനുള്ള സർവേ ഈ ഗവൺമെന്റ് വൂന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടോ;

(സീ) പ്രധാനമായും ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച വനം വകുപ്പും റവന്യു വകുപ്പും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യുവും നിയമവും വകുപ്പ്)**

(എ) (ബി) ആന്റ് (സി) വിവരം ശേഖരിച്ചുവരുന്നു.

## മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം

288. ശ്രീ. തമ്പാനൂർ രവി: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരാമത്ത് പണികളുടെ ഗുണനിലവാരം കുറഞ്ഞുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരം പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വയക്തമാക്കുമോ;

(സി) മരാമത്ത് പണികളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്താമാക്കുമോ?

**ഉത്തരം**

**ഡോ.എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ നടക്കുന്ന പണികളെക്കുറിച്ച് പരാതികൾ ലഭിച്ചിരുന്നു. അതിനെക്കുറിച്ച് അന്വേഷിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) പണികളുടെ ഗുണനിലവാരം പണിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻമാരും ഉയർന്ന ഉദ്യോഗസ്ഥൻമാരും സമയാസമയങ്ങളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ടാസ്ക് ഫോഴ്സിനെ നിയമിക്കുകയും പ്രധാനപ്പെട്ട പണികൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകാതെ തന്നെ പണിയുടെ ഗുണനിലവാരത്തെപ്പറ്റി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും പരിശോധനകൾ നടത്താറുണ്ട്.

(സി) മരാമത്ത് പണികൾക്കായി കരാറുകാരുമായി വയ്ക്കുന്ന ഉടമ്പടിയിൽ ഗുണനിലവാരത്തിന് നിബന്ധനകൾ നിഷ്ക്കർഷിക്കുക, പണികളുടെ നിർമ്മാണ പരിപാലന പരിശീലനത്തിനുമുള്ള മാർഗ്ഗ നിർദ്ദേശ രേഖകൾ രൂപീകരിക്കുക, പി.ഡബ്ള്യൂ.ഡി. കോഡിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തുക, മരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്കായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്നങ്ങൾ വിപുലീകരിക്കുക, എന്നീ കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## മൈത്രി ഭവന പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി

289. ശ്രീ. ഇസ്ഹാക് കുരിക്കൾ; താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

. (എ) മൈത്രി ഭവന പദ്ധതിയുടെ ഗുണഭോക്താക്ക്ൾക്ക് വായ്പാ സഹായം മുഴുവനായി ലഭിക്കാത്തതിനാൽ വിടുപണി പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള ഭവന നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ്)**

(എ) ഉണ്ട്.

(ബി) & (സി): ഭവന നിർമ്മാണ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര നഗര വികസന വകുപ്പുമായും ഹഡ്കോയുമായും ഈ സർക്കാർ പലവട്ടം ചർച്ചകൾ നടത്തിയതിന്റെ ഫലമായി ഒരു ഡിഫാൾട്ട് റസലൂഷൻ പാക്കേജ് അംഗീകരിക്കുകയും 2002 സെപ്തംബർ 14ന് ഹഡ്കോയുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു. ഇതിന്റെ ഫലമായി വൻ കുടിശ്ശികക്കാരുടെ ലിസ്റ്റിൽ നിന്നും ബോർഡിന്റെ പേരുമാറ്റുകയും മുതലും പലിശയും അടയ്ക്കുന്നതിന് മൊറോക്കേറിയവും തിരിച്ചടവ് ടെലിസ്ക്കോപ്പിക്കായി പുന:ക്രമീകരിക്കുകയും ചെയ്യുക വഴി ബോർഡിനുള്ള വായ്പാ ധനസഹായം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുവാൻ കഴിഞ്ഞു. ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ മൈത്രീ ഭവന പദ്ധതി പ്രകാരം 36.58 കോടി രൂപ ഗുണഭോക്താക്കൾക്ക് വായ്പാ ഗഡുക്കളായി ബോർഡ് വിതരണം ചെയ്തു നാളിതുവരെ 21552 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തിവച്ച മൈത്രി ഭവന പദ്ധതിയിലെ ഒന്നാം ഗഡു വതരണം പുനരാരംഭിച്ചുകഴിഞ്ഞു. ഹഡ്കോയിൽ നിന്നും അനുവദിച്ചുകിട്ടിയ 55 കോടി രൂപകൊണ്ട് ഇനി ശേഷിക്കുന്ന മൈത്രി ഭവന പദ്ധതി ഉൾപ്പെടെയുള്ള ഏകദേശം 33309 വീടുകളുടെ നിർമ്മാണം വരുന്ന 6 മാസത്തിനകം പൂർത്തിയാക്കുവാനാണ് ബോർഡ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

## കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ശരിയായ രേഖകളില്ലാത്തവരെ വിദേശത്തേയ്ക്കയക്കുന്ന ഗൂഢസംഘം

290. ശ്രീ.ടി.പി. രാമകൃഷ്ണൻ
ശ്രീ. **മഞ്ഞ**ളാംകുഴി അലി
ശ്രീ. പി.ജയരാജൻ
ശ്രീ. സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻ തുക കൈക്കൂലി വാങ്ങി ശരിയായ രേഖകളില്ലാത്ത ആളുകളെ വിദേശത്തേക്ക് കയറ്റി അയക്കുന്ന ഗൂഢ സംഘത്തിന്റെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമായിട്ടുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്താമക്കാമോ;

(ബി) ശരിയായ രേഖകളുണ്ടെങ്കിലും കൈക്കൂലി നൽകിയില്ലെങ്കിൽ എമിഗ്രേഷൻ ക്ളിയറൻസ് ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥരും വൻ തുക വാങ്ങി വിദേശത്തേക്ക് കയറ്റി വിടുന്ന മാഫിയാ സംഘങ്ങളും തമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതിന്റെ ഫലമായി ഈ രംഗത്തു വളർന്നു വരുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ(ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

(എ) യും(ബി)യും : ഇല്ല.

(സി) ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം ഇതു തടയാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം - കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതി

291. .ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ അംഗീകാരത്തിന് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) എക്സ്പ്രസ് ഹൈവേ തുടങ്ങുന്നതിനു മുന്നോടിയായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും കത്തുകളോ നിവേദനങ്ങളോ കേന്ദ്ര ഗവണ്മെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) എക്സ്പ്രസ് ഹൈവേ തുടങ്ങുന്നതിന് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; പ്രസ്തുത തുക പൂർണ്ണമായും കേന്ദ്ര ഗവണ്മെന്റ് വഹിക്കുമോ ; അതോ സംസ്ഥാന ഗവണ്മെന്റ് നിശ്ചിത ശതമാനം ചെലവ് വഹിക്കേണ്ടി വരുമോ; വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.ഡോ.എം.കെ.മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ), (ബി), (സി) & (ഡി)

കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന അന്തരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വിശദമായ ഒരു സാദ്ധ്യതാപഠനം വഴി ഇത്തരമൊരു റോഡിന് അനുയോജ്യമായ ഒരു അലൈൻമെന്റിന് രൂപം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. വലിയ മുതൽ മുടക്ക് ആവശ്യമായ ഈ പദ്ധതിയുടെ ഫൈനാൻഷ്യൽ സ്ട്രക്ചറിംഗ് ഏതു രീതിയിൽ സാധ്യമാക്കാമെന്ന കാര്യം ഇപ്പോൾ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കത്തിടപാട് നടത്തിയിട്ടില്ല.

**വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നിവ പ്രകാരം വായ്പ എടുത്തവർക്ക് മുഴുവൻ മുതൽസംഖ്യ അടച്ചാൽ പലിശയിൽ ഇളവ്**

292. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ കെ.നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം വായ്പ എടുത്തവർക്ക് മുഴുവൻ മുതൽസംഖ്യ അടച്ചാൽ പലിശയിൽ ഇളവ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പ്രകാരമുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത ആനുകൂല്യം എന്നു വരെ ലഭിക്കുമെന്ന് അറിയിക്കാമോ ;

(ഡി) കൂടുതൽ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിന് ഇളവ് അനുവദിച്ചിട്ടുള്ള കാലപരിധി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ) 26.5.2003-ലെ സ.ഉ.(എം.എസ്.)നം.21/03/ഭവനം പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) 26.5.2003-ലെ സ.ഉ.(എം.എസ്.)നം.21/03/ഭവനം പ്രകാരം ) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗുണഭോക്താക്കളിൽ 31/7/2003 നകം മുതൽ തിരിച്ചടക്കുന്നവരുടെ പലിശയും പിഴ പലിശയും എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ട്.

(സി) 31.7.2003 വരെ ലഭിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെറിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി**

293 ശ്രീ കെ . പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെറിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി എന്താണ് ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം തീരുമാനിക്കാൻ ഉന്നതതല കേന്ദ്ര സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സമിതി ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരോ, എ.ഐ.സി.ടി.ഇ.യോ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധിയടക്കം കേന്ദ്ര നിർദ്ദശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ടി.എം.എ.പൈ ഫൗണ്ടേഷൻ ആന്റ് അദേഴ്സ് (വിസ്) കർണാടക സ്റ്റേറ്റ് ആന്റ് അദേഴ്സ് (റിട്ട് പെറ്റീഷൻ സിവിൽ നം.317/99 ) എന്ന കേസിന്റെ വിധിയുടെ 68-ാം ഖണ്ഡികയിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഗവ.സീറ്റുകളുടേയും മാനേജ്മെന്റ് സീറ്റുകളുടേയും അനുപാതം എത്രയാകണമെന്ന് സർക്കാർ, പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് നിശ്ചയിക്കണമെന്നും, ഇപ്രകാരം നിശ്ചയിക്കുന്നത് സ്വാശ്രയ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ന്യൂനപക്ഷം അല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യത്യസ്ഥമായിരിക്കുമെന്നുമാണ് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്.

(ബി) സീറ്റ് അനുപാതം തീരുമാനിക്കാൻ ഉന്നതതല സമിതി കേന്ദ്ര സമിതി രൂപീകരിച്ചിട്ടില്ല.

(സി) 31.10.02 ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ റഗുലേഷൻസ് ഭേദഗതി ചെയ്യും വരെ ഒരു ഇടക്കാല റഗുലേഷൻ (നം.എഫ് 37-3/ലീഗൽ (5)/2003) എ.ഐ.സി.റ്റി.ഇ. പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് :

1. സുതാര്യമായ പ്രവേശന പ്രക്രിയ ഉറപ്പാക്കുവാൻ എ.ഐ.സി.റ്റി അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങൾ, സംസ്ഥാനത്തിന്റെയോ, കേന്ദ്രത്തിന്റെയോ പൊതു പ്രവേശന പരീക്ഷയിൽ ഭാഗമാകേണ്ടതാണ്. എല്ലാ സീറ്റുകളും പൊതു പ്രവേശന പരീക്ഷ, തുടർന്നു നടക്കുന്ന കൗൺസലിംഗ് എന്നിവ മുഖാന്തിരം നികത്തേണ്ടതാണ്. എന്നാൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്വന്തം കൗൺസിലിംഗിൽ കൂടി പ്രവേശന പരീക്ഷയുടെ റാങ്ക്ലിസ്റ്റിൽ നിന്നും മാനേജ്മെന്റ് സീറ്റിലേക്കുള്ള ഒഴിവു നികത്താവുന്നതാണ്.
2. ന്യൂന പക്ഷ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സീറ്റുകൾ മൊത്തം സീറ്റിന്റെ 50% വരെ ആകാം. അല്ലാത്തവയിൽ മാനേജ്മെന്റ് സീറ്റുകൾ മൊത്തം സീറ്റുകളുടെ 15% കവിയാൻ പാടില്ല.
3. സംസ്ഥാന സർക്കാരിന് നിലവിലുള്ള എ.ഐ.സി.റ്റി.ഇ. റഗുലേഷൻസ് പ്രകാരം വിദ്യാഭ്യാസ സാംപത്തിക രംഗത്തെ വിദഗ്ദ്ധർ അടങ്ങുന്ന ഫീസ് കമ്മിറ്റി വഴി എല്ലാ വിദ്യാർത്ഥികൾക്കും (പേയ്മെന്റ് , ഫ്രീ വ്യത്യാസം കൂടാതെ ) പൊതുവായ ഒരു ഫീസ് ഘടന നിശ്ചയിക്കാവുന്നതാണ്.
4. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് സംസ്ഥാനമോ ബന്ധപ്പെട്ട സർവകലാശാലയോ നിർദ്ദേശിക്കുന്ന യോഗ്യതകൾക്കനുസൃതമായി ഭരണസമിതി രൂപീകരിക്കാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉറപ്പാക്കുവാൻ സർവകലാശാലയോ സംസ്ഥാന സർക്കാരോ അഫിലിയേഷന് ആവശ്യമായ മിനിമം യോഗ്യത നിശ്ചയിക്കാവുന്നതാണ്.

(ഡി) സുപ്രീം കോടതി വിധിയുടെ പകർപ്പിന്റെ പ്രസക്ത ഭാഗവും, എ.ഐ.സി.റ്റി.ഇ. നിർദ്ദേശങ്ങളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

<u>**നിയമ സർവ്വകലാശാല**</u>

294. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ.ജോസഫ് എം. പുതുശ്ശേരി :
ശ്രീ.സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു നിയമ സർവകലാശാല ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ?

<u>**ഉത്തരം**</u>

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്ത ഒരു നിയമ സർവകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

<u>**കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതി**</u>

295 ശ്രീ. കെ.മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സുവർണ്ണ ചതുർഭുജ റോഡ് പദ്ധതിയുടെ ഭാഗമായി ദേശീയപാത 47 ൽ വരുന്ന കൊച്ചി - സേലം റോഡ് വികസനത്തിനു വേണ്ടി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതുമൂലം ഈ പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊച്ചി - സേലം റോഡ് വികസന പദ്ധതിയിൽ വരുന്ന ആലുവ - അങ്കമാലി ഭാഗത്ത് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതിലും കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിലും ഇലക്ട്രിക് പോസ്റ്റുകൾ, വാട്ടർ സപ്ലൈ പൈപ്പുകൾ തുടങ്ങിയവ നീക്കിക്കൊടുക്കുന്നതിലും കാലതാമസം ഉണ്ടാകുന്നതുമൂലം റോഡു വികസനം പല ഭാഗത്തും സ്തംഭനാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന എൻ.എച്ച് .വികസന പദ്ധതികൾ സമയ.ബന്ധിതമായി സംസ്ഥാനത്ത് നടപ്പാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ഡോ.എം .കെ.മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ (എൻ.എച്ച.എ.ഐ.) വഴി കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കി വരുന്ന കൊച്ചി - സേലം റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ്, യൂട്ടിലിറ്റീസ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന ഗവണ്മെന്റ് ആവശ്യമായ സഹായം നൽകുന്നുണ്ട്.

(ബി) ആന്റ് (സി)

ആലുവ - അങ്കമാലി ഭാഗത്ത് ഭൂമി എടുക്കുന്നതിലും യൂട്ടിലിറ്റി മാറ്റുന്നതിലും മറ്റുമുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആന്റ് (ഇ)

മേല്പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി (എൻ.എച്ച്.എ.ഐ.) നടപ്പാക്കുന്ന പദ്ധതികളുടെ സംസ്ഥാനതല നോഡൽ ഓഫീസർ ആയിട്ട് അഡീഷണൽ ചീഫ് സെക്രട്ടറിയെ സമീപകാലത്ത് ഗവണ്മെന്റ് നോമിനേറ്റ് ചെയ്തിട്ടുണ്ട്. നോഡൽ ഓഫീസർ കുറഞ്ഞത് മാസത്തിൽ ഒരു അവലോകനയോഗം സംസ്ഥാന ഗവണ്മെന്റിലെ ബന്ധപ്പെട്ട വകുപ്പുകളും എൻ.എച്ച്.എ.ഐ. പ്രോജക്ടു ഡയറക്ടരുമായും നടത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

## <u>നിയമ പരിഷ്കരണ കമ്മീഷൻ</u>

296 ശ്രീ. എം.എ.വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാന സർക്കാർ നിയമിച്ച നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി പ്രസ്തുത റിപ്പോർട്ടിൽ എത്ര നിയമങ്ങളാണ് കാലഹരണപ്പെട്ടതെന്ന് കമമീഷൻ കണ്ടെത്തിയത് ; ആയതിനു പകരം പുതിയ നിയമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇതിൻ പ്രകാരം എത്ര പുതിയ നിയമങ്ങൾക്കാണ് രൂപം നൽകിയിട്ടുളലത് ; അവ എന്നത്തേക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ ;

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) 2002 നവമ്പർ മാസം മുപ്പതാം തീയതി ്നിയമപരിഷ്ക്കരണ കമ്മിറ്റി അതിന്റെ ഒന്നാം റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിയമ പരിഷ്ക്കരണ കമ്മിറ്റി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങലും ഉൾപ്പെടെ ആകെ 697 നിയമങ്ങൾ നിയമപുസ്തകത്തിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

കാലഹരണപ്പെട്ട നിയമങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കി നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ പല കരട് ബില്ലുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ 16 പുതിയ നിയമങ്ങളുടേയും 9 ഭേദഗതി നിയമങ്ങളുടേയും കരട് ബില്ലുകൾ കമ്മിറ്റി തയ്യാറാക്കി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന കരട് ബില്ലുകൾ കഴിയുന്നതും വേഗം സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്.

## ഏകീകൃത ഭൂപരിധി നിയന്ത്രണ നിയമം

297. ശ്രീ..ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ കേരളത്തിൽ നിലവിലുള്ള ഭൂനിയമമനുസരിച്ച് ഏതെല്ലാം കാർഷിക വിളകളെയാണ് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ള കർഷകർ അവരുടെ വരുമാനമനുസരിച്ച് ആദായ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാണോ ; ആണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇപ്രകാരം എത്ര തുക സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും പുതിയ കാർഷികവിള കൃഷി ചെയ്യുന്ന ഭൂമിയെ ഭൂപരിധി നിയമത്തിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിൽ എല്ലാ കാർഷികവിളകളും കൃഷി ചെയ്യുന്ന ഭൂമിക്കും ഏകീകൃത രൂപത്തിലുള്ള ഒരു ഭൂപരിധി നിയന്ത്രണനിയമം നടപ്പാക്കുവാൻ തയ്യാറാകുമോ ;

(ഇ) കേരളത്തിലെ കാർഷികവിളകളായ നെല്ല്, അടയ്ക്ക , നാളികേരം , തേയില, റബർ കുരുമുളക്, കൊക്കോ തുടങ്ങിയ ഓരോ കാർഷിക വിളകൾക്കും നിശ്ചയിച്ചിട്ടുള്ള ഭൂപരിധി എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

ശ്രീ. കെ.എം. മാണി (റവന്യുവും നിയമവും വകുപ്പു മന്ത്രി)

(എ) റബർ, കാപ്പി, തേയില, ഏലം, കൊക്കോ, സിനമൺ എന്നീ കാർഷിക വിളകളെയാണ് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) ഭൂപരിധിനിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കർഷകർ അവരുടെ വരുമാനമനുസരിച്ച് ആദായ നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ്. 2002-03 വർഷത്തിൽ ഈ ഇനത്തിൽ അഞ്ച് കോടി 76 ലക്ഷം രൂപ ലഭിക്കുക യുണ്ടായി.

(സി) കശുമാവ് തോട്ടങ്ങൾ 01.01.2970 വരെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. 01.01.1970 ന് ശേഷം കശുമാവ് തോട്ടങ്ങൾ ഭൂപരിധിയിൽ കൊണ്ടുവന്നപ്പോൾ അതിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇത് സംസ്ഥാനത്തെ പരമ്പരാഗതമായ കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാദിച്ചു. കൂടാതെ കശുവണ്ടി വദേശ നാണ്യം നേടിത്തരുന്ന ഒരു കാർഷിക വിളയാണ്. കശുമാവ് തോട്ട വ്യവസായമായി സംഘടിപ്പിച്ചാൽ നിലവിൽ ആദായം കുറഞ്ഞ തോട്ടവിളകൾക്ക് പകരം ഇത്തരം കൃഷികള നടത്താനും നിലവിലുള്ള പരമ്പരാഗത വ്യവസായത്തെ പരിപോഷിപ്പിക്കുവാനും സാധിക്കും. സർക്കാർ നിയോഗിച്ച നിയമ പരിഷ്ക്കരണ സമിതിയും മേൽപ്പറഞ്ഞ കാരണങ്ങളാൽ കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(ഡി) സംസ്ഥാനത്ത് ഇന്ന് ഭൂവിനിയോഗത്തെ സംബന്ധിച്ച് യാതൊരു നിയമവുമില്ല. ഇതു സംബന്ധിച്ച് ഒരു നിയമം കൊണ്ടുവന്ന് പ്രവർത്തികമാക്കിയതിനുശേഷം മാത്രമേ ഇത്തരം ഏകീകൃത ഭൂപരിധി പ്രായോഗികവും ഫലപ്രദവും ആകൂ.

(ഇ) കാപ്പി, റബർ, തേയില എന്നീ വിളകൾ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മറ്റു കാർഷിക വിളകൾക്കുള്ള ഭൂപരിധി ഭൂപരിഷ്ക്കരണ നിയമത്തിലെ 81,82 വകുപ്പുകളിലും രണ്ടാം പട്ടികയിലുമായി വ്യവസ്ഥ ചെയ്യുന്നു. ഇത് കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം അവരുടെ മാര്യേജ് സ്റ്റാറ്റസ് കൃഷിസ്ഥലം സ്ഥിതിചെയ്യുന്ന ജില്ല എന്നിവയെ ആശ്രയിച്ചിരിക്കുന്നു.